## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2368 | | 19.07.2016-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| മാലിന്യസംസ്കരണം | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.എൽദോ എബ്രഹാം | | ശ്രീ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്ത് മാലിന്യ സംസ്കരണത്തിലെ വീഴ്ചകൾ മൂലം ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് സ്ഥലലഭ്യത കുറവും പൊതുജനങ്ങളുടെ എതിർപ്പുമുണ്ടാകുന്നതിനാൽ ഗ്രാമപഞ്ചായത്തുകൾക്കും/നഗരസഭകൾക്കും ആധുനിക മാലിന്യസംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് പരിമിതികളുണ്ട്. മേൽ സാഹചര്യങ്ങളിൽ മാലിന്യം പൊതുസ്ഥലങ്ങളിൽ കുന്നുകൂടുന്നതായും ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നതായും പരാതി ലഭിക്കുന്നുണ്ട്. |
| (ബി) | നഗരസഭാ പ്രദേശങ്ങളിൽ ഉൾപ്പെടെ മാലിന്യ സംസ്കരണത്തിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) | മാലിന്യ നിർമ്മാർജ്ജന സംസ്കരണത്തിനായി സംസ്ഥാനത്തെ എല്ലാ നഗരപ്രദേശങ്ങളിലും ഗ്രാമപ്രദേശങ്ങളിലും ഉറവിട മാലിന്യ സംസ്കരണ പദ്ധതിക്ക് മുൻഗണന നൽകി ജൈവമാലിന്യം ഉണ്ടാകുന്ന സ്ഥലത്തു തന്നെ (വീടുകൾ, സ്ഥാപനങ്ങൾ, ഫ്ലാറ്റുകൾ, മാർക്കറ്റുകൾ തുടങ്ങി) ഉൽപ്പാദകന്റെ ഉത്തരവാദിത്വത്തിൽ കമ്പോസ്റ്റിംഗ്/ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ച് നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ പൊതു മാലിന്യസംസ്കരണ പ്ലാന്റുകൾ ഉള്ള നഗരസഭകളിൽ ആയത് കുറ്റമറ്റതാക്കി ആധുനികവൽക്കരിക്കുന്നതിനും നടപടികൾ സ്വീകരിച്ച് വരുന്നു. വീടുകളിലും സ്ഥാപനങ്ങളിലുമുണ്ടാകുന്ന അജൈവ മാലിന്യം പ്രാഥമിക തരംതിരിവ് നടത്തി ശേഖരിക്കുകയും അവ പുനഃചംക്രമണത്തിനായി കൈമാറുന്നതിന് മുന്നേ രണ്ടാംഘട്ട തരംതിരിവിനും വൃത്തിയാക്കുന്നതിനുമായും അതുപോലെ ആവശ്യമായ അളവിൽ ലഭ്യമാകുന്നതുവരെ സൂക്ഷിക്കുന്നതിനുമുള്ള മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി (MRF) സ്ഥാപിക്കുന്നതിന് ശുചിത്വമിഷൻ മുഖേന സാങ്കേതിക സാമ്പത്തിക സഹായം നൽകി വരുന്നു. ഓരോ പ്രവർത്തനത്തിനുമായി ഗ്രാമപഞ്ചായത്ത്, നഗരസഭകൾ തയ്യാറാക്കി നൽകുന്ന പ്രോജക്റ്റിന് സാങ്കേതികാനുമതിയും അംഗീകൃത സർക്കാർ സബ്സിഡിയും നൽകി വരുന്നു. |

| | | | |
|---|---|---|---|
| (സി) | ബയോഗ്യാസ് യൂണിറ്റുകൾ ഉൾപ്പെടെ ജൈവ മാലിന്യസംസ്കരണത്തിനായി പദ്ധതികൾ നടപ്പിലാക്കുന്നതിന് എന്തൊക്കെ സഹായങ്ങളാണ് നൽകുന്നതെന്ന് അറിയിക്കാമോ? | (സി) | നിലവിൽ ജൈവമാലിന്യ സംസ്കരണത്തിന് ഗാർഹിക, കമ്മ്യൂണിറ്റി തലങ്ങളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ച് വരുന്നുണ്ട്. ഗാർഹിക തലത്തിൽ യൂണിറ്റ് കോസ്റ്റിന്റെ 80% സർക്കാർ സബ്സിഡി (പരമാവധി 500/- രൂപ)യും ആയതിന്റെ പകുതി തദ്ദേശസ്വയംഭരണ സ്ഥാപന സബ്സിഡിയായും നൽകി വരുന്നുണ്ട്. കമ്മ്യൂണിറ്റി തലങ്ങളിലെ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും നിലവിൽ പ്രോത്സാഹനം നൽകി വരുന്നുണ്ട്. കമ്മ്യൂണിറ്റിതല ബയോഗ്യാസ് പ്ലാന്റുകൾ തദ്ദേശസ്വയംഭരണ സ്ഥാപനം സ്ഥാപിക്കുന്നതിന് മുൻസിപ്പാലിറ്റി/ കോർപ്പറേഷനുകളിൽ യൂണിറ്റ് കോസ്റ്റ് പൂർണ്ണമായും, ഗ്രാമപഞ്ചായത്ത് തലങ്ങളിൽ യൂണിറ്റ് കോസ്റ്റിന്റെ 75% (പരമാവധി 35 ലക്ഷം രൂപ) വരെയും സർക്കാർ സഹായമായി നൽകി വരുന്നുണ്ട്. അതുപോലെ റസിഡന്റ്സ് അസോസിയേഷനുകൾ, കോളനികൾ, സർക്കാർ ക്വാർട്ടേഴ്സുകൾ, സർക്കാർ ഓഫീസുകൾ, സ്കൂളുകൾ, ആശുപത്രികൾ, കല്യാണമണ്ഡപങ്ങൾ, ഇറച്ചികടകൾ എന്നിവിടങ്ങളിൽ ബയോഗ്യാസ് പ്ലാന്റുകളടക്കമുള്ള ഖരമാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തുന്നതിന് യൂണിറ്റ് നിരക്കിന്റെ 50% ( പരമാവധി 1 ലക്ഷം രൂപ) സർക്കാർ സഹായമായി തദ്ദേശസ്വയംഭരണ സ്ഥാപനം മുഖേന നൽകി വരുന്നുണ്ട്. ഗാർഹികതല കമ്പോസ്റ്റിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിന് പ്രോജക്ടിന്റെ ഭാഗമായി 75% സർക്കാർ സബ്സിഡിയും, 25% തദ്ദേശസ്വയംഭരണ സബ്സിഡിയും നൽകുന്നുണ്ട്. പൊതു പ്ലാന്റ് നവീകരിക്കുന്നതിന് പ്രോജക്ടിന്റെ 100% വരെയും സർക്കാർ സഹായം ലഭ്യമാക്കുന്നു. |

സെക്ഷൻ ഓഫീസർ